**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4940** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഗാന്ധി ജയന്തിവാരാഘോഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗവും അക്രമവാസനയും പ്രതിരോധിക്കുന്നതിനും മാനവികത ഊട്ടിയുറപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ഗാന്ധി ജയന്തിവാരം ആഘോഷിക്കുന്നത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനും മൂല്യബോധം വളർത്തുന്നതിനും എല്ലാ സ്കൂളുകളിലും ഗാന്ധി ജയന്തി ദിനം സമുചിതമായി ആഘോഷിച്ച് വരുന്നു. ഗാന്ധി ജയന്തിവാരം ആഘോഷിക്കുന്നത് പുനരാരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) | പ്രൈമറിതലം മുതൽ ലഹരിക്കെതിരെയുള്ളതും മനുഷ്യസ്നേഹത്തിന്റേതുമായ ബാലപാഠങ്ങൾ പഠിപ്പിക്കുന്നതിന് കരിക്കുലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കേണ്ടതും വ്യാപനം തടയേണ്ടതും ഈ കാലഘട്ടത്തിലെ അടിയന്തര ആവശ്യമായി മാറിയിട്ടുണ്ട്. ആയതിനാൽ തന്നെ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി 2024-25 അക്കാദമിക വർഷത്തിൽ, അപ്പർ പ്രൈമറി , ഹൈസ്കൂൾ തലങ്ങളിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025-26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തയ്യാറാക്കിയ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളിൽ (ഉല്ലാസ പറവകൾ) ലഹരിക്കെതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവചേതന മൊഡ്യൂളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട പരിശീലനം അധ്യാപകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ